ഇ-സാക്ഷരത സമ്പൂർണ്ണമാക്കാൻ നടപടി

*27 [267] ശ്രീ. സി. മമ്മൂട്ടി:
„ വി. കെ. ഇബ്രാഹിംകുഞ്ഞ്:
„ പി. കെ. കെ. ബാവ:
„ ഇസ്ഹാക്ക് കുരിക്കൾ:
„ ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷയ പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഇ-സാക്ഷരത സംസ്ഥാനത്ത് സമ്പൂർണ്ണമാക്കുന്നതിന് എന്നത്തേക്ക് സാധിക്കുമെന്ന് വിശദമാക്കുമോ;

(സി) ഇതിന് എന്തു തുക ചെലവാകും?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) മലപ്പുറം ജില്ലയിൽ ഇപ്പോൾ വിജയകരമായി നടപ്പിലാക്കിവരുന്ന അക്ഷയ പദ്ധതി സംസ്ഥാനത്ത് മറ്റ് ജില്ലകളിലേക്കും കൂടി വ്യാപിപ്പിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ സ്ഥാപിക്കേണ്ട അക്ഷയ കേന്ദ്രങ്ങളുടെ സ്ഥാനം നിർണ്ണയിക്കുന്നതിനുള്ള ജോലി സംസ്ഥാന ടൗൺ പ്ലാനിംഗ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അക്ഷയ പദ്ധതിയുടെ നടത്തിപ്പിനായി ബന്ധപ്പെട്ട എല്ലാ നഗരസഭ/ജില്ല/ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത്തല പ്രതിനിധികൾ, ജില്ലാ ഭരണ കൂടം, ബാങ്കുകൾ എന്നിവയുമായി ചർച്ചകൾ, സെമിനാറുകൾ, ശിൽപ്പശാലകൾ എന്നിവ ഇൻഫർമേഷൻ കേരളാമിഷൻ വഴി നടത്തുന്നതിനുള്ള ഒരു സമയബന്ധിത പരിപാടി ആവിഷ്കരിച്ച് വരുന്നു.

(ബി) സംസ്ഥാനം അടുത്ത രണ്ട് വർഷത്തിനകം നൂറ് ശതമാനം ഇ-സാക്ഷരത കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) അക്ഷയ പദ്ധതി നടപ്പിലാക്കിവരുന്നത് സ്വകാര്യ സംരംഭകരുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും പങ്കാളിത്തത്തോടെയാണ്. ഒരു അക്ഷയകേന്ദ്രം സ്ഥാപിക്കുന്നതിന് മുന്ന് മുതൽ നാലു ലക്ഷം രൂപവരെ ഒരു സംരംഭകൻ മുടക്കേണ്ടതുണ്ട്. സംസ്ഥാനമൊട്ടാകെ ഈ പദ്ധതി വ്യാപിപ്പിക്കുന്നതോടെ സ്വകാര്യ സംരംഭകർ ഏകദേശം മുന്നൂറ് കോടി രൂപയുടെ മുതൽമുടക്ക് സംസ്ഥാനത്ത് നടത്തുമെന്ന് പ്രതീക്ഷിക്കുന്നു. എല്ലാ ജില്ലകളിലും അക്ഷയ പദ്ധതി നടപ്പിലാക്കുന്നതിനായി 2004-2005 സാമ്പത്തിക വർഷം ഇരുപത്തിയഞ്ച് കോടി രൂപ ബഡ്ജറ്റ് പ്രസംഗത്തിൽ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന കമ്പ്യൂട്ടർ സാക്ഷരതാ പരിപാടിക്ക് തദ്ദേശസ്ഥാപനങ്ങൾ സംയുക്തമായി അവരുടെ പരിധിയിലുള്ള ഒരു കുടുംബത്തിലെ ഒരാൾക്ക് 120 രൂപ നിരക്കിൽ തുക വകയിരുത്തേണ്ടതുണ്ട്. ഒരു പഠിതാവ് ഇരുപത് രൂപ പഠനത്തിനായി നൽകുകയും വേണം.

LIBRARY ARCHIVES Kerala Legislative Assembly